"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്-സംസ്ഥാന ദുരന്ത പ്രതികരണനിധി 2024-25 തിരുവനന്തപുരം ജില്ലാകളക്ടർക്ക് തുക അനുവദിച്ചുകൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.837/2024/DMD തീയതി,തിരുവനന്തപുരം, 11-11-2024

---

പരാമർശം:- തിരുവനന്തപുരം ജില്ലാകളക്ടറുടെ 30/10/2024 ലെ ഡിസിറ്റി വിഎം/338/2022/ഡിഎം നമ്പർ കത്ത്

**ഉത്തരവ്**

2021, 2022 വർഷങ്ങളിൽ പ്രകൃതിക്ഷോഭത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം നൽകുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ "2245-02-113-99-F Repair to Damaged House" എന്ന ശീർഷകത്തിൽ നിന്ന് 65,34,900/-(അറുപത്തി അഞ്ചുലക്ഷത്തി മുപ്പത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021, 2022 വർഷങ്ങളിൽ പ്രകൃതിക്ഷോഭത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം നൽകുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ "2245-02-113-99-F Repair to Damaged House" എന്ന ശീർഷകത്തിൽ നിന്ന് 65,34,900/-(അറുപത്തി അഞ്ചുലക്ഷത്തി മുപ്പത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപ തിരുവനന്തപുരം ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം N D M I S പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sivaprasad V N
Date: 11-11-2024 16:41:52

സെക്ഷൻ ഓഫീസർ